**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2734** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉടുമ്പൻചോല മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ പ്രധാനമായും താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.<br><br>1) പുഷ്പകണ്ടത്തെ നിർദ്ദിഷ്ട 33/110 kV സബ്സ്റ്റേഷനിൽ നിന്നും നെടുംകണ്ടം സബ്സ്റ്റേഷനിലേക്ക് പാരമ്പര്യേതര വൈദ്യുതി എത്തിക്കുന്ന 110 kV ഡബിൾ സർക്യൂട്ട് ലൈൻ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചു.<br><br>2) കുത്തുങ്കലിൽ നിന്നും നെടുംകണ്ടത്തേക്കുള്ള 110 kV ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>3) 66 kV നെടുംകണ്ടം സബ്സ്റ്റേഷന്റെ വോൾട്ടത 110 kV നിലവാരത്തിലേയ്ക്ക് ഉയർത്തി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>4) 66 kV നെടുംകണ്ടം സബ്സ്റ്റേഷനിലെ 66/11 kV, 8 MVA ശേഷിയുള്ള ട്രാൻസ്ഫോർമർ മാറ്റി പകരം 66/11 kV, 10 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു.<br><br>5) 33 kV ഉടുമ്പൻചോല സബ്സ്റ്റേഷന്റെയും അനുബന്ധ 33 kV ഫീഡറിന്റെയും (കുത്തുങ്കൽ - ഉടുമ്പൻചോല ലൈൻ) പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 21 പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ 100 kW സ്ഥാപിത ശേഷിയിൽ ഉടുമ്പൻചോല മണ്ഡലത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ആകെ 45 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>ഉടുമ്പൻചോല മണ്ഡലത്തിൽ കെ എസ് ഇ ബി എൽ മുഖേന **10** പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു: |

**Pole Mounted Charging Stations Installed at Udumbanchola Constituency**

| Sl No. | Landmark | Section |
|---|---|---|

| | | |
|---|---|---|
| 1 | Near Kallar New Mini Vaidyuthy Bhavan | Nedmkandom |
| 2 | Vandenmedu Board Ganesha statue | Vandanmedu |
| 3 | Rajakkadu Town | Rajakkadu |
| 4 | Rajakumari Town | Rajakumari |
| 5 | Near Santhanpara Bus Stop | Rajakumari |
| 6 | Erattayar Market | Erattayar |
| 7 | Near Thookupalam Electrical Section | Thookkumpalam |
| 8 | Near Pampadumpara Panchayath Office | Nedumkandom |
| 9 | Udumbanchola Town | Udumbanchola |
| 10 | Senapathy Jn. | Rajakumari |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ ഉടുമ്പൻചോല മണ്ഡലത്തിൽ കെ എസ് ഇ ബി എൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ദ്യുതി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്

| | |
|---|---|
| 11 kV ലൈൻ സ്ഥാപിക്കൽ | - 51 km |
| HT ABC ലൈൻ സ്ഥാപിക്കൽ | - 13 km |
| 33 kV ലൈൻ സ്ഥാപിക്കൽ | - 21 km |
| LT സിംഗിൾ ഫേസ് ലൈൻ സ്ഥാപിക്കൽ | - 97 km |
| LT 3 ഫേസ് ലൈൻ സ്ഥാപിക്കൽ | - 39 km |
| സിംഗിൾ ഫേസ് - 3 ഫേസ് കൺവേർഷൻ | - 53 km |
| LT ABC ലൈൻ സ്ഥാപിക്കൽ | - 23 km |
| LT ലൈൻ റീകണ്ടക്ടറിംഗ് | - 165 km |
| HT ലൈൻ റീകണ്ടക്ടറിംഗ് | - 3 km |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | - 62 എണ്ണം |

| | | | |
|---|---|---|---|
| | | | തൊടുപുഴ ഇലക്ട്രിക്കൽ സർക്കിളിനു കീഴിൽ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ <u>R.D.S.S വികസന പദ്ധതിയിൽ</u> ഉൾപ്പെടുത്തി താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>11 kV UG കേബിൾ സ്ഥാപിക്കൽ - 7 km<br>HT ABC ലൈൻ സ്ഥാപിക്കൽ - 4 km<br>HT ലൈൻ റീകണ്ടക്ടറിംഗ് - 19.15 km<br><br>കൂടാതെ ഏകദേശം 2 കോടി രൂപയുടെ മുതൽ മുടക്കിൽ നെടുങ്കണ്ടത്ത് ഒരു മിനി വൈദ്യുതി ഭവനത്തിന്റെ നിർമാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ അനേർട്ട് മുഖേന ഉടുമ്പൻചോല പഞ്ചായത്ത് കാര്യാലയത്തിൽ 10 kW ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ